"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് ;- പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ല - കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി പി. രാജലക്ഷ്മിക്കെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2800/2022/LSGD        തീയതി,തിരുവനന്തപുരം, 14-11-2022

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 23/07/2017-ലെ ഡി1-16690/16 നമ്പർ കത്ത്.
2. സർക്കാരിന്റെ 09.10.2017-ലെ 1 ഇപിബി2/189/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. ശ്രീമതി രാജലക്ഷ്മി 30/8/2019 ൽ സമർപ്പിച്ച പ്രതിവാദ പത്രിക.
4. പഞ്ചായത്ത് ഡയറക്ടറുടെ 23/05/2022-ലെ PAN/10416/2021-D2(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഏറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ശ്രീ. റ്റി.പി. വർഗ്ഗീസ്, ശ്രീ. റ്റി.ഡി. പൗലോസ് എന്നിവർക്ക് സ്റ്റോറേജ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി നല്കിയതിലും അതുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങളിൽ പഞ്ചായത്തിന്റെ ഭാഗം ശരിയായ രീതിയിൽ അവതരിപ്പിക്കുന്നതിന് വക്കീലിനെ നിയമിക്കാതിരുന്നതിലും ചട്ടവിരുദ്ധമായി റിപ്പോർട്ട് തയ്യാറാക്കിയതിലും വീഴ്ച വന്നതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി പി. രാജലക്ഷ്മിക്കെതിരെ ഡയറക്ടർ കഠിന ശിക്ഷയുള്ള അച്ചടക്ക നടപടി ആരംഭിച്ചെങ്കിലും ടിയാൾ 24/04/2017 മുതൽ സസ്പെൻഷനിലാവുകയും സസ്പെൻഷനിൽ തുടരവേ 31/5/2017 ന് സേവനത്തിൽനിന്ന് വിരമിച്ചതിനാൽ ടിയാൾക്കെതിരെ സ്വീകരിച്ച അച്ചടക്കനടപടി പൂർത്തീകരിക്കുന്നതിന് സാധിച്ചില്ല എന്നും ആയതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി .

മേൽ സാഹചര്യത്തിൽ ടിയാൾക്കെതിരെ ഉള്ള ആരോപണങ്ങൾ ഗുരുതരമാകയാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം പ്രകാരം ടിയാന്റെ പെൻഷനിൽ നിന്നും പ്രതിമാസം 500 രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യുന്നതിനായി താൽക്കാലികമായി തീരുമാനിച്ച് പരാമർശം (2) കാരണം കാണിക്കൽ നോട്ടീസ് നല്കുകയും ആയതിന് പരാമർശം (3) പ്രകാരം ശ്രീമതി രാജലക്ഷ്മി പ്രതിവാദ പത്രിക സമർപ്പിക്കുകയും ആയതിന്മേൽ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഖണ്ഡിക തിരിച്ചുള്ള അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി രാജലക്ഷ്മിക്കെതിരെ കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതിനാൽ ടിയാൾക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിയായിരുന്ന ശ്രീമതി പി. രാജലക്ഷ്മിക്കെതിരായ ആരോപണങ്ങളിന്മേൽ, 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം. (പരാമർശം (1) മുതൽ (4) വരെയുള്ള പകർപ്പുകൾ സഹിതം).
2. ശ്രീമതി പി. രാജലക്ഷ്മി, മുൻ സെക്രട്ടറി, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല. (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന).
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/189/2017/തസ്വഭവ).

ഉത്തരവിൻ പ്രകാരം

**Signed by Noushad M**
**Date: 15-11-2022 10:36:59**
സെക്ഷൻ ഓഫീസർ